## പുരോഗതി വരുവാൻ മാറ്റം വരണം

# ഇതാണ് കാര്യം




## രാജീവ് ചന്ദ്രശേഖറിന്റെ
## തിരുവനന്തപുരം ലോക്സഭ മണ്ഡലം
## വികസനരേഖ (2024 -2029)

# പ്രിയപ്പെട്ടവരേ നമസ്ക്കാരം

തിരുവനന്തപുരം ലോക്സഭ മണ്ഡലത്തിലെ എൻഡിഎ സ്ഥാനാർത്ഥി എന്ന നിലയിൽ പ്രചാരണ വേളയിൽ വോട്ടർമാരുമായി ഞാൻ നിരന്തരം ആശയവിനിമയം നടത്തിയിരുന്നു. പാഴ്‌വാഗ്ദാനങ്ങൾ നൽകി കഴിഞ്ഞ 15 വർഷം തങ്ങളെ അപ്പാടെ അവഗണിച്ചവരോടുള്ള അമർഷവും നിരാശയും ഓരോരുത്തരുടേയും വാക്കുകളിൽ പ്രകടമായിരുന്നു. തിരുവനന്തപുരത്ത് ഒരു മാറ്റം വരുവാൻ ജനങ്ങൾ തീവ്രമായി ആഗ്രഹിക്കുന്നു എന്ന കാര്യം വ്യക്തമാണ്. അതിനാൽ തിരഞ്ഞെടുക്കപ്പെടുന്നതിന് മുൻപുതന്നെ ഒരു എം.പി. എന്ന നിലയിൽ ഈ മണ്ഡലത്തിനുവേണ്ടി ഒരു വികസനരേഖ ഞാൻ നിങ്ങളുമായി പങ്കുവയ്ക്കുകയാണ്.

കേന്ദ്രസർക്കാർ, സംസ്ഥാനസർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സ്വകാര്യമേഖല, NGOകൾ, കമ്മ്യൂണിറ്റി ഗ്രൂപ്പുകൾ എന്നിവയുടെയെല്ലാം പരിപൂർണ്ണ പങ്കാളിത്തത്തോടെ തിരുവനന്തപുരത്തിന് സമഗ്രവികസനം നേടിയെടുക്കുവാൻ ഞാൻ ഒരു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. നിങ്ങളിൽ പലരും മുന്നോട്ടുവെച്ചിട്ടുള്ള നിർദ്ദേശങ്ങളെല്ലാം പരിഗണിച്ചുകൊണ്ടുതന്നെയാണ് തിരുവനന്തപുരത്തെ 7 മണ്ഡലങ്ങളുടേയും ഹ്രസ്വ, ദീർഘകാല അടിസ്ഥാനത്തിലുള്ള വികസനരേഖ തയ്യാറാക്കിയിരിക്കുന്നത്. എന്റെ ഈ ലക്ഷ്യം നിറവേറ്റുന്നതിനായി അടുത്ത 5 വർഷത്തേക്ക് നിങ്ങൾ എനിക്ക് അവസരം നൽകും എന്ന് പ്രതീക്ഷിക്കുന്നു. കേന്ദ്രത്തിൽ എൻഡിഎ അധികാരത്തിൽ വരുമെന്ന് ഉറപ്പുള്ളതിനാൽ, വിവിധ കേന്ദ്രപദ്ധതികളിലൂടെ ഓരോ മേഖലയിലേക്കും ആവശ്യമായ വിഭവങ്ങൾ ലഭ്യമാകും എന്ന് എനിക്ക് ഉറപ്പാണ്.

തിരുവനന്തപുരത്തിന്റെ ഭൂമിശാസ്ത്രപരവും ചരിത്രപരവും സാംസ്കാരികവും കലാപരവുമായ സാധ്യതകളെല്ലാം പരിഗണിച്ചുകൊണ്ടുള്ള ഒരു വികസനരേഖയാണ് ഞാൻ മുന്നോട്ടു വെയ്ക്കുന്നത്. സ്വാഭാവികമായും സമുദ്രമേഖല, സെമികണ്ടക്ടർ ഉൾപ്പെടെയുള്ള ഇലക്ട്രോണിക്സ് ഐ.ടി രംഗം, അത്യാധുനിക ടെക്നോളജിക്കൽ ഇന്നോവേഷനുകൾ, വിദ്യാഭ്യാസം, ആരോഗ്യം, ടൂറിസം, ടെക്സ്റ്റൈൽ, വ്യോമയാന മേഖല, റോഡ്, മെട്രോ, മൊബിലിറ്റി ഇൻഫ്രാസ്ട്രക്ചർ എന്നിവയ്ക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതുണ്ട്. പതിറ്റാണ്ടുകളായി അവഗണിക്കപ്പെട്ടുകിടക്കുന്ന നിരവധി പ്രശ്നങ്ങൾക്ക് ദീർഘകാല അടിസ്ഥാനത്തിലുള്ള പരിഹാരമാർഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. കുടിവെള്ളം, പാർപ്പിടം, ആരോഗ്യം എന്നീ ആവശ്യങ്ങൾ നിറവേറ്റി സാധാരണക്കാരുടെ ജീവിതത്തിലും പുരോഗതി കൊണ്ടുവരേണ്ടതുണ്ട്.

നിങ്ങൾ വായിച്ചറിയുന്നതിനായി ആക്ഷൻ പ്ലാനിന്റെ വിശദാംശങ്ങൾ ചുവടെ നൽകിയിരിക്കുന്നു. ഇതിലെ ഓരോ പദ്ധതിയുടേയും പുരോഗതി ഞാൻ നേരിട്ട് നിരന്തരം വിലയിരുത്തും. അതിനായി തിരുവനന്തപുരത്ത് എംപിയുടെ ഓഫീസ് സ്ഥാപിക്കുകയും അതിലൂടെ ജനങ്ങൾക്ക് പദ്ധതികളുടെ പുരോഗതി നേരിട്ട് അറിയുന്നതിനുള്ള സംവിധാനം ഒരുക്കുകയും ചെയ്യും.

അനേകപതിറ്റാണ്ടുകൾ മാറിമാറി ഭരിച്ചിട്ടും ഭരണാധികാരികൾ ഈ നഗരത്തെയും ഇവിടുത്തെ ജനങ്ങളേയും തീർത്തും അവഗണിക്കുകയും പാഴ്‌വാക്കുകൾ പറഞ്ഞു വഞ്ചിക്കുകയുമാണ് ചെയ്തത്. ഇതിനെല്ലാം മാറ്റം വരുത്തുവാൻ നിങ്ങൾ എനിക്ക് ഒരവസരം നൽകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. നിങ്ങളുടെ വിലയേറിയ വോട്ടുകൾ നൽകി എന്നെ തിരഞ്ഞെടുക്കുകയാണെങ്കിൽ വികസനം, തൊഴിലവസരങ്ങൾ, വിദ്യാഭ്യാസം, സ്കില്ലിങ്ങ് എന്നിവയിലൂടെ എല്ലാ ജനങ്ങൾക്കും ഉന്നമനം സാധ്യമാകുന്ന ഒരു ആധുനിക മഹാനഗരമാക്കി നമ്മുടെ തിരുവനന്തപുരത്തെ മാറ്റുവാൻ ഞാൻ അക്ഷീണം പ്രവർത്തിക്കുമെന്ന് ഉറപ്പുനൽകുന്നു. ഇതൊരു വെറുംവാക്കല്ല. ഇതിനെ എന്റെയൊരു നിയോഗമായിട്ടാണ് ഞാൻ കാണുന്നത്.

ഈ മാറ്റങ്ങൾ നമുക്കിവിടെ നടപ്പിലാക്കാം. നമ്മുടെ തിരുവനന്തപുരത്ത് പുരോഗതിയും വികസനവും തൊഴിലവസരങ്ങളും കൊണ്ടുവരാം.

നിങ്ങളുടെ സ്വന്തം,

രാജീവ് ചന്ദ്രശേഖർ

# തിരുവനന്തപുരത്ത് കാലങ്ങളായി അവഗണിക്കപ്പെട്ട പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ

## തീരദേശ മേഖല

- തീരശോഷണം തടയുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കും.
- മിനി ഹാർബറുകൾ, പുലിമുട്ട് എന്നിവ നിർമ്മിക്കും.
- മത്സ്യ ഉൽപ്പാദനത്തിനും സംസ്കരണത്തിനുമായി വനിതാസംഘങ്ങൾ രൂപീകരിക്കും
- എല്ലാ വീടുകളിലും കുടിവെള്ളം ലഭ്യമാക്കും.
- എല്ലാ മത്സ്യത്തൊഴിലാളികൾക്കും PM സ്വനിധി & PM മുദ്ര ലോൺ ലഭ്യമാക്കും.

## പാർപ്പിടം

പിഎം ആവാസ് യോജന വഴി അർഹതർക്ക് വീട് നൽകും.

## കുടിവെള്ളം

100% വീടുകളിലും കുടിവെള്ള കണക്ഷൻ ലഭ്യമാക്കും

## യുവാക്കൾക്കും വിദ്യാർത്ഥികൾക്കും അവസരങ്ങൾ

- പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന വഴിയുള്ള സ്കില്ലിങ്ങ് നൽകും.
- സംരംഭകത്വത്തിന് പിന്തുണയേകും.

## നഗര ആസൂത്രണം

സ്മാർട്ട് സിറ്റി പദ്ധതികൾ കൃത്യസമയത്ത് പൂർത്തിയാക്കും.

## കായികരംഗം

ലോകോത്തര കായിക കേന്ദ്രങ്ങൾ ആരംഭിക്കും.

## സ്ത്രീ സൗഹൃദം

പൊതുവിടങ്ങളിലും മത്സ്യബന്ധന ഇടങ്ങളിലും സ്ത്രീകൾക്കായി ശൗചാലയം

## സ്കില്ലിങ്ങ്

എല്ലാ യുവതീയുവാക്കൾക്കും ഇൻഡസ്ട്രി റെഡി സ്കില്ലിങ്ങ്

ജനങ്ങൾക്ക് തങ്ങളുടെ പരാതികൾ ബോധിപ്പിക്കുന്നതിനായി ഏഴ് നിയോജക മണ്ഡലങ്ങളിലും പരാതി കേന്ദ്രങ്ങൾ ആരംഭിക്കും

# തിരുവനന്തപുരത്തിന്
# പുരോഗതിയുടെ പുത്തൻ ഭാവി

## തീരദേശസമൂഹത്തിന്റെ ഉന്നമനവും
## മത്സ്യ, തീരദേശ സമ്പദ്‌വ്യവസ്ഥയുടെ വികസനവും

- തീരശോഷണം അതിഭീകരമായ പൊഴിയൂർ, പൂവാർ തുടങ്ങിയ മേഖലകളിൽ യുദ്ധകാലാടിസ്ഥാനത്തിൽ കടൽഭിത്തി നിർമ്മിക്കും.
- വലിയതുറയിലെ തകർന്ന കടൽപ്പാലം 8 മാസത്തിനുള്ളിൽ നവീകരിക്കും
- വിലയിരുത്തലുകൾക്കുശേഷം വലിയതുറ തുറമുഖ പദ്ധതിയുമായി മുന്നോട്ടു പോകുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
- സമുദ്രബന്ധിയായ വ്യവസായങ്ങളിൽ തൊഴിൽ നേടാൻ തീരദേശവാസികൾക്ക് പ്രത്യേക പരിശീലനം നൽകും.
- മത്സ്യസംസ്കരണത്തിനും മൂല്യവർദ്ധനവിനുമായി സഹകരണസംഘങ്ങൾ രൂപീകരിക്കും.
- കടൽ, വ്യോമ മാർഗങ്ങളിലൂടെ ചരക്കു നീക്കം പ്രോത്സാഹിപ്പിക്കുന്നതിന് പ്രധാനമന്ത്രി ഗതിശക്തി പദ്ധതിക്കു കീഴിൽ ലോജിസ്റ്റിക്സ് & ഇൻഡസ്ട്രിയൽ പാർക്കുകൾ, കോൾഡ് സ്റ്റോറേജ് & റീഫർ ട്രക്ക് സൗകര്യങ്ങൾ എന്നിവ ആരംഭിക്കും.
- വിഴിഞ്ഞം ഹാർബറിൽ മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക ലേലകേന്ദ്രവും ഐസ് പ്ലാന്റും ആരംഭിക്കും.
- മണ്ണെണ്ണ-ഇതര ഇന്ധനങ്ങളിലേക്ക് മാറുവാൻ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് പ്രത്യേക പദ്ധതികൾ രൂപീകരിക്കും.

## ലോകോത്തര അടിസ്ഥാന സൗകര്യങ്ങൾ

- ദശവർഷപദ്ധതിയിലൂടെ തിരുവനന്തപുരത്തെ ആസൂത്രിതനഗരമാക്കും.
- തിരുവനന്തപുരത്തിനായി ഒരു ഡിജിറ്റൽ ആപ്പ് ആരംഭിക്കും.
- സ്മാർട് സിറ്റി മിഷന്റെ കീഴിലുള്ള പദ്ധതികളുടെ ശരിയായ നടത്തിപ്പ് ഉറപ്പാക്കും.
- ഭാരതസർക്കാർ സഹായത്തോടെ വൈദ്യുതബസ്സുകൾ.
- നമ്മുടെ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വിപുലീകരണത്തിനാവശ്യമായ എല്ലാ നടപടികളും കൈക്കൊള്ളും. കൂടാതെ ഉഡാൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആഭ്യന്തര, അന്തർദേശീയ വിമാന കണക്റ്റിവിറ്റി മെച്ചപ്പെടുത്തും.
- തിരുവനന്തപുരത്ത് മെട്രോ റെയിൽ ആരംഭിക്കുന്നതിന് മുൻകൈയെടുക്കും
- അമൃത് ഭാരത് സ്റ്റേഷൻ സ്കീമിന് കീഴിൽ തിരുവനന്തപുരം, നേമം, കൊച്ചുവേളി സ്റ്റേഷനുകളുടെ നവീകരണവും വികസനവും നടപ്പാക്കും. കൂടാതെ കഴക്കൂട്ടം, പേട്ട സ്റ്റേഷനുകളുടെ വികസനവും പ്രാവർത്തികമാക്കും.
- അടൽ മിഷൻ ഫോർ റെജുവനേഷൻ & അർബൻ ട്രാൻസ്ഫോർമേഷൻ (AMRUT) വഴി മലിനജലസംസ്കരണ പ്ലാന്റുകളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും സ്ഥാപിക്കും.



- തിരുവനന്തപുരത്തെ ഗതാഗതസൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായി തിരുവനന്തപുരം-അംബാസമുദ്രം - തിരുനെൽവേലി നാഷണൽ ഹൈവേ പദ്ധതിയുമായി മുന്നോട്ടു പോകും.
- എയർപോർട്ടുകളിൽ കാർ, ഓട്ടോ ഡ്രൈവർമാർക്ക് ശൗചാലയങ്ങൾ ഒരുക്കും.

## ടെക്നോളജിയുടേയും ഇന്നൊവേഷന്റേയും ഹബ്ബ്

- IT/ITES ൽ നിന്ന് തിരുവനന്തപുരത്തെ ഒരു ടെക് & ഇന്നൊവേഷൻ ഹബ്ബാക്കി മാറ്റും
- പാറശ്ശാല/നെയ്യാറ്റിൻകര മേഖലയിൽ ടെക്നോപാർക്ക് ആരംഭിച്ച് തലസ്ഥാനത്ത് പുതിയ ടെക് ഹബ്ബിന് രൂപം നൽകും.
- ടെക്നോളജി രംഗത്തെ പ്രധാനപ്പെട്ട ആഗോള കമ്പനികൾ നിക്ഷേപം നടത്തുവാൻ താൽപ്പര്യപ്പെടുന്ന ഒരു കേന്ദ്രമായി തിരുവനന്തപുരത്തെ മാറ്റും.
- ആഗോള ടെക് നേതാക്കളേയും നിക്ഷേപകരെയും സ്റ്റാർട്ടപ്പുകളെയും ഒരുമിച്ചുചേർത്ത് ടെക്നോളജി, ഇന്നൊവേഷൻ എന്നിവയ്ക്കുവേണ്ടി തിരുവനന്തപുരത്ത് എല്ലാവർഷവും 3 ദിവസത്തെ ടെക്നോളജി ഉച്ചകോടി ആരംഭിക്കും.
- ഭാരതസർക്കാരിന്റെ SPEC, PLI പ്രോഗ്രാമുകളുടെ പിന്തുണയോടെ ഇലക്ട്രോണിക്സ് ആൻഡ് സിസ്റ്റംസ് മാനുഫാക്ചറിങ്ങിനുവേണ്ടി ഒരു പ്രത്യേക സാമ്പത്തിക മേഖല (SEZ) സ്ഥാപിക്കും.
- തിരുവനന്തപുരത്തുനിന്നും കേരളത്തിൽനിന്നും അടുത്ത സ്റ്റാർട്ടപ്പ് തരംഗം സൃഷ്ടിക്കുന്നതിനായി യുവാക്കൾക്കായി ഒരു സംരംഭകത്വ പരിശീലനകേന്ദ്രം സ്ഥാപിക്കും.
- ഭാരത് സെമികണ്ടക്ടർ റിസർച്ച് സെന്ററിന് (BSRC) തിരുവനന്തപുരത്തെ IISTൽ ഒരു പ്രാദേശിക കേന്ദ്രം തുടങ്ങും.
- തിരുവനന്തപുരത്തിനെ ഇന്ത്യയുടെ അടുത്ത ഇന്നൊവേഷൻ ഹബ്ബ് ആക്കുന്നതിന് C-DAC, സ്റ്റാർട്ടപ്പുകൾ, വിദ്യാർത്ഥികൾ എന്നിവരുടെ പങ്കാളിത്തത്തോടെ ഫ്യൂച്ചർ ലാബുകൾ സ്ഥാപിക്കും.
- ഭാവിയുടെ സാങ്കേതികവിദ്യകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് എല്ലാ കോളേജുകളിലും AI ലാബുകൾ പോലുള്ള സ്കില്ലിങ്ങ് കേന്ദ്രങ്ങൾ ആരംഭിക്കും

## ഉൽപ്പാദനത്തിന്റേയും കയറ്റുമതിയുടേയും ഹബ്ബ്

- തിരുവനന്തപുരത്തെ നിക്ഷേപ അവസരങ്ങൾ ലോകത്തിന് പരിചയപ്പെടുത്തുവാൻ തിരുവനന്തപുരം ഗ്ലോബൽ ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കുകയും താൽപ്പര്യാനുസരണം പങ്കാളിത്തത്തിനായി കേരളസർക്കാരിനെ ക്ഷണിക്കുകയും ചെയ്യും
- നിലവിലുള്ള പ്രവർത്തനരഹിതമായ സ്വകാര്യവ്യവസായ എസ്റ്റേറ്റുകൾ നവീകരിക്കാനും പുനരുജ്ജീവിപ്പിക്കാനും ഒരു ടീമിനെ ഒരുക്കും.
- 14,000 കോടിയിലധികം വരുന്ന വാർഷികസംഭരണത്തിനായി ISROയെ പിന്തുണയ്ക്കുന്നതിനും ഇലക്ട്രോണിക്സ് രംഗത്തെ മറ്റു വിഭാഗങ്ങളായ മൊബൈൽ ഫോണും അനുബന്ധ ഉപകരണങ്ങളും, ഓട്ടോമോട്ടീവ്, വ്യാവസായിക ഇലക്ട്രോണിക്സ് തുടങ്ങിയവയിലേക്ക് ഇത് വ്യാപിപ്പിക്കുന്നതിനുമായി ഒരു സ്പേസ് ആൻഡ് ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് സോൺ ആരംഭിക്കും.
- PM മുദ്ര, PM വിശ്വകർമ പദ്ധതികൾ വഴിയുള്ള സാമ്പത്തിക സഹായത്തോടെ കരകൗശല വിദഗ്ധർ, SHGകൾ, കൈത്തറി, പരമ്പരാഗത കരകൗശലവസ്തുക്കൾ എന്നിവയ്ക്കായി ഡിജിറ്റൽ, ഇ-കൊമേഴ്സ് വഴി മാർക്കറ്റ് വിപുലീകരണ പരിപാടികൾ നടപ്പിലാക്കും.
- മറൈൻ സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി ബോട്ട് നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഹബ്ബുകൾ സ്ഥാപിക്കും.
- മെയ്ഡ്-ഇൻ-തിരുവനന്തപുരം ഉൽപ്പന്നങ്ങൾക്കായി മെഗാ ഇൻഡസ്ട്രിയൽ ഫെസ്റ്റുകൾ സംഘടിപ്പിക്കും.



## ഗ്ലോബൽ വെൽനസ്, മെഡിക്കൽ, ഹെറിറ്റേജ്, കൾച്ചർ ടൂറിസം കേന്ദ്രം

- തിരുവനന്തപുരത്തിനെ ഒരു വെൽനസ് ടൂറിസം ഡെസ്റ്റിനേഷനായി വളർത്തും.
- ആയുർവേദം, സിദ്ധ ഔഷധങ്ങൾ, കളരി ചികിത്സകൾ എന്നീ രംഗങ്ങളിൽ നമുക്കുള്ള സമ്പന്നമായ പൈതൃകം പ്രയോജനപ്പെടുത്തി തിരുവനന്തപുരത്തിനെ ആരോഗ്യക്ഷേമ രംഗത്തെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമാക്കും.
- ആഗോള പൈതൃക സാംസ്കാരിക ഭൂപടത്തിൽ തിരുവനന്തപുരത്തിന് അർഹമായ സ്ഥാനം നേടിക്കൊടുക്കും.
- സ്വദേശ് ദർശൻ, PRASHAD എന്നീ പദ്ധതികൾ വഴി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും തീർത്ഥാടന കേന്ദ്രങ്ങളിലും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തും.
- 'ഡെസ്റ്റിനേഷൻ തിരുവനന്തപുരം' എന്ന ബ്രാൻഡിന് കീഴിൽ തിരുവനന്തപുരത്തിന് എല്ലാ പ്രധാന അന്താരാഷ്ട്ര ടൂറിസം പരിപാടികളിലും പങ്കാളിത്തം ഉറപ്പാക്കും.
- നമ്മുടെ ഏറ്റവും വലിയ ശുദ്ധജലതടാകമായ വെള്ളായണി കായൽ ഒരു ടൂറിസം കേന്ദ്രമായി വികസിപ്പിക്കും.
- നമ്മുടെ ജലാശയങ്ങൾ വൃത്തിയുള്ളതും വിനോദസഞ്ചാരത്തിന് അനുയോജ്യമായതുമാണെന്ന് ഉറപ്പാക്കും.

## ആരോഗ്യപരിപാലനത്തിന്റെയും ആരോഗ്യരംഗത്തെ ഗവേഷണങ്ങളുടേയും കേന്ദ്രം

- നമ്മുടെ ദീർഘകാല സ്വപ്നമായ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) നെയ്യാറ്റിൻകരയിൽ സ്ഥാപിക്കും.
- ബയോടെക്നോളജിയിലും ഓങ്കോളജിയിലും ഒരു ഗ്ലോബൽ സെന്റർ ഓഫ് എക്സലൻസായി രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (RGCB) യെ വികസിപ്പിക്കും.
- RGCBയുടെ രണ്ടാമത്തെ ക്യാമ്പസ് ആക്കുളത്ത് ആരംഭിക്കും.
- ആക്കുളത്തുള്ള RGCBയുടെ രണ്ടാമത്തെ ക്യാമ്പസിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കാൻസർ റിസെർച്ച് ആൻഡ് റഫറൽ ഹോസ്പിറ്റൽ സ്ഥാപിക്കും.
- ഫാർമസ്യൂട്ടിക്കൽ റിസെർച്ച് ലബോറട്ടറികൾ സ്ഥാപിക്കുകയും ഈ മേഖലയിലെ സ്റ്റാർട്ടപ്പുകളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുകയും, ബയോമെഡിക്കൽ ഉപകരണങ്ങളുടെ ഉത്പാദനം മെച്ചപ്പെടുത്തുകയും ചെയ്യും.
- തിരുവനന്തപുരത്തിനെ ഒരു ബയോ മാനുഫാക്ചറിംഗ് ഹബ്ബാക്കി മാറ്റുന്നതിനായി RGCB യിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തിൽ ഒരു ബയോ ഫൗണ്ടറി സ്ഥാപിക്കും.

## തുറമുഖം കേന്ദ്രീകരിച്ചുള്ള വികസനം

- കപ്പൽ സാങ്കേതികവിദ്യ, ബോട്ട് നിർമ്മാണം, അറ്റകുറ്റപ്പണികൾ, കപ്പൽ ഭാഗങ്ങളുടെ ഉത്പാദനം, മറൈൻ ബയോടെക്നോളജി, മറൈൻ ഫുഡ് പ്രോസസിംഗ് പ്ലാന്റ് എന്നിവയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് തുടക്കംകുറിക്കുന്നതിന് ഒരു പ്രത്യേക സാമ്പത്തിക മേഖല (SEZ) ആരംഭിക്കും.
- മാരിടൈം ആർബിട്രേഷൻ സെന്റർ, മാരിടൈം നോളജ് ഹബ്ബ്, സ്കിൽ & ഓന്ത്രപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്റർ എന്നിവ ആരംഭിക്കും • മാരിടൈം, ഫിഷറീസ് സ്കിൽ സെന്ററുകൾ ആരംഭിക്കും • പൂവാർ കപ്പൽശാല പദ്ധതിയുടെ സമഗ്രമായ പുനർമൂല്യനിർണയം നടത്തും.
- വിഴിഞ്ഞത്ത് ക്രൂയിസ് ടെർമിനലിന്റെ വികസനപ്രവർത്തനങ്ങൾ നടത്തും.

## വിജ്ഞാനത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും ഗവേഷണത്തിന്റെയും കേന്ദ്രം

- CDAC, RG IBT, SCTI, NPOL, ICER, IIST, ഡിജിറ്റൽ സയൻസ് പാർക്ക് എന്നിവ ഉൾപ്പെടുന്ന തിരുവനന്തപുരം റിസർച്ച് ആൻഡ് ഇന്നൊവേഷൻ ക്ലസ്റ്റർ (T-RIC) സ്ഥാപിക്കും. പുതിയതും നിലവിലുള്ളതുമായ മറ്റ് സ്ഥാപനങ്ങൾ ഉൾപ്പെടുത്തി, ഫ്യൂച്ചർ ടെക്, മെഡിക്കൽ, ഫാർമ, ഹെൽത്ത്, മറൈൻ, സ്പേസ്



തുടങ്ങി എല്ലാ മേഖലകളിലും തിരുവനന്തപുരത്തിനെ അത്യാധുനിക ഗവേഷണ കേന്ദ്രമാക്കി മാറ്റുന്ന ഒരു ഗവേഷണ-വിജ്ഞാന ഹബ്ബിന്റെ അടിസ്ഥാന കേന്ദ്രമായി T-RIC നെ മാറ്റും.

- വിഎസ്എസ്സിയിൽ ഒരു സെമികണ്ടക്ടർ ഗവേഷണ കേന്ദ്രം സ്ഥാപിച്ച് അതിലൂടെ ലോകത്തിനു മുന്നിൽ തിരുവനന്തപുരത്തിനെ ഇൻഡസ്ട്രിയൽ സെമികണ്ടക്ടർ ഹബ്ബാക്കി മാറ്റും.
- സ്കിൽ ഇന്ത്യ മിഷന്റെ കീഴിൽ കഴക്കൂട്ടം NSTI യെ ഒരു സ്കിൽ ഇന്ത്യ ഇന്റർനാഷണൽ സെന്ററാക്കി മാറ്റും. ഇതിലൂടെ നമ്മുടെ യുവാക്കളെ വിദേശ തൊഴിലവസരങ്ങൾ നേടുവാൻ പ്രാപ്തരാക്കും.
- തിരുവനന്തപുരത്ത് സ്കില്ലിങ്ങിനും അപ്-സ്കില്ലിങ്ങിനും റീ-സ്കില്ലിങ്ങിനും മാത്രമായി ഒരു സർവകലാശാല ആരംഭിക്കും.
- തിരുവനന്തപുരത്ത് മറൈൻ സ്കിൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കും.
- റബ്ബർ സാങ്കേതികവിദ്യയിൽ സ്കില്ലിങ്ങിനായി ഒരു കേന്ദ്രം സ്ഥാപിക്കും.
- ഈ നിയോജക മണ്ഡലത്തിലെ തിരഞ്ഞെടുത്ത 10 കോളേജുകളിൽ ഇന്ത്യ എ ഐ മിഷന്റെ കീഴിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പരിശീലന ലാബുകൾ ആരംഭിക്കും.
- അടൽ ഇന്നൊവേഷൻ മിഷന്റെ കീഴിൽ നഗരത്തിലെ 10 സ്കൂളുകളിൽ അടൽ ടിങ്കറിംഗ് ലാബുകൾ ആരംഭിക്കുവാനുള്ള എല്ലാ നടപടികളും പൂർത്തിയാക്കി.
- കൈത്തറി മേഖലയിൽ ഡിജിറ്റൽ മാർക്കറ്റിങ്ങ്, ഡിജിറ്റൽ ഡിസൈൻ എന്നിവ കൊണ്ടുവരും.

## വനിതാ ശാക്തീകരണം

- ഉൽപ്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ തലങ്ങളിൽ വിപണന സാധ്യതകൾ നേടിക്കൊടുക്കുന്നതിനായി വനിതാ സ്വയം സഹായ സംഘങ്ങളെ (SHG) ഏക്താ മാൾ, ODOP, ONDC, GeM തുടങ്ങിയ നിലവിലുള്ള സംരംഭങ്ങളുമായി സംയോജിപ്പിക്കും.
- വനിതാ സംരംഭകരേയും തൊഴിലാളികളേയും നിർദിഷ്ട PM MITRA ടെക്സ്റ്റൈൽ പാർക്കിന്റെ പ്രാഥമിക ഗുണഭോക്താക്കളാക്കും.
- സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾക്ക് മുദ്ര യോജനയ്ക്ക് കീഴിൽ സാമ്പത്തിക സഹായം ഉറപ്പാക്കും.

## കാർഷിക മേഖലയിൽ ഉന്നമനം

- ചക്ക പോലുള്ള നമ്മുടെ തദ്ദേശീയ വിളകൾക്ക് ആഗോള സൂപ്പർഫുഡ് വിപണിയിൽ വലിയ സാധ്യതകളുണ്ട്. ഈ ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി തുറന്നുകൊടുക്കുന്നതിനുള്ള സംവിധാനമൊരുക്കും.
- മരച്ചീനിയുടേയും മരച്ചീനി അനുബന്ധ ഉൽപ്പന്നങ്ങളുടേയും ഉത്പാദനവും വിപണനവും പ്രോത്സാഹിപ്പിക്കും (ODOP).
- PM മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസിന്റെ (PMFME) കീഴിൽ മൈക്രോ ഫുഡ് പ്രോസസിംഗ് യൂണിറ്റുകൾക്ക് പിന്തുണയേകി കാർഷിക മേഖലയിൽ മൂല്യവർദ്ധനവ് പ്രോത്സാഹിപ്പിക്കും.
- പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധി (പിഎംകിസാൻ) ഫലപ്രദമായി നടപ്പിലാക്കുന്നു എന്നും പരാതികൾ സമയബന്ധിതമായി പരിഹരിക്കപ്പെടുന്നു എന്നും ഉറപ്പാക്കും.
- കേന്ദ്രവുമായി സഹകരിച്ച് പ്രവർത്തിച്ച് കാർഷിക ഉൽപന്നങ്ങൾക്കുള്ള താങ്ങുവില (MSP) കാലാകാലങ്ങളിൽ പരിഷ്കരിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കും.
- കാർഷിക ക്ലസ്റ്ററുകളിൽ സ്റ്റോറേജ്, ലോജിസ്റ്റിക് സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് സഹായം നൽകും.
- രാസവളങ്ങളുടെ ഉപയോഗം വെട്ടിക്കുറച്ച് കാർഷിക ഉൽപന്നങ്ങൾ സുരക്ഷിതമാക്കുന്ന നാനോ വളങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കും.

## കായികരംഗത്ത് പുത്തൻ അവസരങ്ങൾ

- ഭാരതത്തിൽ നടക്കാവുന്ന 2036 ലെ ഒളിമ്പിക്സ് ലക്ഷ്യമിട്ട് കായികതാരങ്ങളെ വാർത്തെടുക്കുവാൻ ഭാരതസർക്കാർ തിരുവനന്തപുരത്ത് കായിക കേന്ദ്രങ്ങൾ ആരംഭിക്കും.
- തീരദേശത്തെ ജനങ്ങൾക്ക് കായികരംഗത്ത് എല്ലാവിധ സൗകര്യങ്ങളും ലഭ്യമാകുന്നതിന് MPLAD അല്ലെങ്കിൽ മറ്റ് CSR/GoI ഫണ്ടുകൾ വഴി സാമ്പത്തിക സഹായം ഉറപ്പാക്കും.

**സംസ്ഥാനസർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും കൃത്യസമയത്ത് ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിക്കും**

# തിരുവനന്തപുരത്തിന്റെ മാറുന്ന മുഖം (2024 - 29)






പ്രിയപ്പെട്ടവരേ,
ഒഴിവുകഴിവുകൾ പറയുന്നതല്ല
പ്രവർത്തിച്ചുകാണിക്കുന്നതാണ്
എനിക്ക് രാഷ്ട്രീയം. ഞാൻ പറയുന്നത് ചെയ്യും.
ചെയ്യാവുന്നതേ പറയൂ.

രാജീവ് ചന്ദ്രശേഖർ

#PoliticsOfPerformance
#Rajeev4TVM #ModiyudeGuarantee

തിരുവനന്തപുരത്തിന്
മോദിയുടെ ഗ്യാരണ്ടി

# മാറ്റത്തിന്റെ മുഖം

QR കോഡ് സ്കാൻ ചെയ്യൂ

NDA സ്ഥാനാർത്ഥി

## രാജീവ് ചന്ദ്രശേഖർനെ

വിജയിപ്പിക്കുക

Printed & Published by Convenor, NDA Parliament Committee, Trivandrum. 5000 copies

#PoliticsOfPerformance
#Rajeev4TVM #ModiyudeGuarantee

**ഇനി കാര്യം നടക്കും**